'118903/2023

# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

(ഹാജർ: ബീന പി എസ്)

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം -ഐ.റ്റി സെൽ രൂപീകരണം - കൃഷി അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്ത് - ജീവനക്കാരെ പുനക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) 02/06/2023 തീയതിയിലെ സർക്കാർ ഉത്തരവ് നം (എം എസ്) 52/2023/AGRI

2) കൃഷി ഡയറക്ടറുടെ 08/07/2023 തീയതിയിലെ ADFW/6816/2023-IT3 നമ്പർ കുറിപ്പ്

3) കൃഷി ഡയറക്ടറുടെ 19-05-2023 തീയതിയിലെ ADFW/2207/2023-SE2 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ADFW/7232/2023-SE3 തീയതി . 05-08-2023**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ ഐ.ടി സെൽ രൂപീകരണം സംബന്ധിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഒരു കൃഷി അസിസ്റ്റന്റ് തസ്തിക തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം കൃഷി ഭവനിൽ നിന്നും കൃഷി ഡയറക്ടറേറ്റിലെ ഐ ടി ഡിവിഷനിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

ടി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനു അപേക്ഷകൾ ക്ഷണിച്ചിരുന്നതിൻ പ്രകാരം ലഭിച്ച അപേക്ഷകളിൽ നിന്ന് ഇവാല്യുവേഷൻ കമ്മറ്റി യോഗം ചേർന്ന് തിരഞ്ഞെടുത്ത, കോഴിക്കോട് ജില്ലയിലെ വേളം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ഗ്രേഡ്-1 ശ്രീ. നവീഷ് ഇ (384038) യെ നിയമിക്കാൻ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

പരാമർശം 3 ഉത്തരവ് പ്രകാരം അസിസ്റ്റൻറ്റ് കൃഷി ഓഫീസർ തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ നൽകിയ ഉത്തരവ് പ്രകാരം വിഴിഞ്ഞം കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ് -1 ആയിരുന്ന ശ്രീമതി. ബി എസ്. ലളിതാംബികാ ദേവി (PEN: 182563) എന്ന ജീവനക്കാരി പ്രമോഷൻ ലഭിച്ച് പോയതിനാൽ നിലവിൽ ഒഴിവുള്ള വിഴിഞ്ഞം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ പ്രസ്തുത ഒഴിവ് കൃഷി ഡയറക്ടറേറ്റിലെ ഐ ടി ഡിവിഷനിലേക്ക് ഷിഫ്റ്റ് ചെയ്ത് അസിസ്റ്റന്റ് മാനേജർ (IT) തസ്തിക എന്ന് നാമകരണം ചെയ്തു കൊണ്ടും, കോഴിക്കോട് ജില്ലയിലെ വേളം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ഗ്രേഡ്-1 ശ്രീ. നവീഷ് ഇ (384038) യെ പ്രസ്തുത അസിസ്റ്റന്റ് മാനേജർ (IT) തസ്തികയിൽ നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

ബന്ധപ്പെട്ട മേലധികാരികൾ ടിയാനെ എത്രയും വേഗം വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ശ്രീ. നവീഷ് .ഇ എത്രയും

118903/2023

വേഗം കൃഷി ഡയറക്ടറേറ്റിലെ ഐ ടി ഡിവിഷനിൽ ജോയിൻ ചെയ്യേണ്ടതാണ്.

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

ശ്രീ. നവീഷ്. ഇ, വേളം കൃഷി ഭവൻ , കോഴിക്കോട് ജില്ല.

പകർപ്പ്

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം, കോഴിക്കോട്

2) കൃഷി ഓഫീസർ, വേളം, കോഴിക്കോട്

3) കൃഷി ഓഫീസർ, വിഴിഞ്ഞം, തിരുവനന്തപുരം

4) SPARK- വിഴിഞ്ഞം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്തത് / അനുവദിച്ചിട്ടുള്ള ആകെ തസ്തികകളുടെ എണ്ണം സംബന്ധിച്ച് രേഖപ്പെടുത്തലുകൾക്ക്

5) അക്കൗണ്ട്സ് സെക്ഷൻ

6) ഐ ടി ഡിവിഷൻ

7) കരുതൽ / അധികം

BINDU MOL. T
Administrative Assistant II
Agriculture Development &
Farmers Welfare Department
Vikas Bhavan, Trivandrum